# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6519** | **21/11/2019-ലെ മറുപടിക്ക്**

## തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് വിഭാഗത്തിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്ന എത്ര സർക്കാർ അധ്യാപകർ ആണ് ഉള്ളത്; ഇവർ ഏതൊക്കെ സ്ഥാപനങ്ങളിലാണ് ജോലി നോക്കുന്നത്; | (എ) | തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് വിഭാഗത്തിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ആരുംതന്നെ ജോലി ചെയ്യുന്നില്ല. |
| (ബി) | തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് വിഭാഗത്തിലെ എത്ര സർക്കാർ അധ്യാപകരാണ് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ മറ്റ് സ്ഥാപനങ്ങളിൽ ജോലി നോക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ; | (ബി) | വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ 4 പേർ ജോലി ചെയ്യുന്നുണ്ട്. കൈറ്റ്-ൽ ഒരാളും ഡയറ്റ്-ൽ 3 പേരും. |
| (സി) | 2019-20 കാലഘട്ടത്തിൽ തസ്തിക നിർണ്ണയം കഴിഞ്ഞ് തിരുവനന്തപുരം ജില്ലയിലെ സർക്കാർ സ്കൂളുകളിൽ എത്ര എച്ച്.എസ്.റ്റി. ഇംഗ്ലീഷ് അധ്യാപകരുടെ ഒഴിവുകളാണ് ഡി.ഡി.ഇ. റിപ്പോർട്ട് ചെയ്തിട്ടുള്ളത്; | (സി) | വിദ്യാഭ്യാസ ഉപഡയറക്ടർ ഒഴിവുകൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ഡി) | പ്രസ്തുത കാലഘട്ടത്തിൽ തിരുവനന്തപുരം ജില്ലയിൽ ഭൗതിക സാഹചര്യത്തിന്റെ അഭാവത്താൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തിക അനുവദിക്കാത്ത എത്ര സർക്കാർ സ്കൂളുകൾ ഉണ്ട്; അവ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കാമോ? | (ഡി) | ഭൗതിക സാഹചര്യങ്ങളുടെ അഭാവത്താൽ എച്ച്.എസ്.റ്റി. ഇംഗ്ലീഷ് തസ്തിക അനുവദിക്കാത്ത സ്കൂളുകൾ ഒന്നുംതന്നെ ജില്ലയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ